(ബി) ദേശീയപാത 47-നു വേണ്ടി 625 ഹെക്ടർ ഭൂമിയും, എൻ. എച്ച്. 17-നു വേണ്ടി 987 ഹെക്ടർ ഭൂമിയും ലഭ്യമാണ്. കേന്ദ്ര സർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് ബാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്.

ദേശീയപാതകൾ നാലുവരിപാതയാക്കൽ

38 [3563] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ വി. ജെ. പൗലോസ്:
„ വി. ഡി. സതീശൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതകൾ നാലുവരിപാതയാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

ഉത്തരം

എൻ. എച്ച്. 47 ചേർത്തല മുതൽ കളിയിക്കാവിള വരെ നാലുവരിയാക്കുന്നതിനുവേണ്ടി സാധ്യതാ പഠനം നടത്തി റിപ്പോർട്ട് (Detailed Project Report) കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാണ്. ദേശീയപാത 17-ൽ തലപ്പാടി മുതൽ കോഴിക്കോടുവരെയും, കുറ്റിപ്പുറം മുതൽ ഇടപ്പള്ളിവരെയുമുള്ള ഭാഗം നാലുവരിയാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നേരിട്ട് പഠനം നടത്തുന്നുണ്ട്.

കേരളത്തിലെ നാഷണൽ ഹൈവേ

39 [3564] *ശ്രീ. സി. കെ. നാണു:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസന പദ്ധതി (National Highway Development Project) യുടെ ഭാഗമായി കേരളത്തിലെ നാഷണൽ ഹൈവേകളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി തുറമുഖത്തിലേക്കുള്ള റോഡ് വികസനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏത്തരത്തിലുള്ള വികസനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly